IV QUESTION OF PRIVILEGE

Question of breach of privilege against the Editor, Kerala Kaumudi in respect of a statement published in its issue on May 9 1976.

Mr. Speaker: Shri T.A.Paraman in his notice dated October 12, 1976 has sought to raise a question of privilege against the Kerala Kaumudi daily in respect of a statement published in its issue of May 9, 1976 under the title "അഭ്യുദയകാംക്ഷികളോട്—കേരള കൗമുദിയിലെ സമരം". The statement referred to above inter alia runs as follows :

"കേരള കൗമുദിയുടെ എഡിറ്റോറിയൽ സ്റ്റാഫിൽ ജോലിയുള്ള രണ്ടു ജീവനക്കാരാണ് ശ്രീ. പി.കെ. ബാലകൃഷ്ണനും, ശ്രീ. ജി. വേണുഗോപാലും. അവർക്കുമാത്രം അറിയുന്ന ചില കാരണങ്ങളാലും ചില പ്രലോഭനങ്ങൾക്ക് വഴിപ്പെട്ടും ഇവർ രണ്ടുപേരും കുറെ നാളുകളായി കേരള കൗമുദി മാനേജ്മെൻറിനെതിരായി ഹീനവും നീചവുമായ ചില ദുഷ്പ്രചരണങ്ങൾ നടത്തിവരികയായിരുന്നു. വർക്കിംഗ് ജേർണ്ണലിസ്റ്റ് യൂണിയന്റെ വേദികളും എന്തിന്, പാവനമായിരിക്കേണ്ട നിയമസഭാവേദിപോലും അവർ അതിനായി ദുർവിനിയോഗം ചെയ്യുകയുണ്ടായി."

Shri Paraman has stated in his notice that on April 6, 1976 he and some other members of the Assembly had spoken on the anti labour policy followed by the management of the Kerala Kaumudi daily. The statement appeared in the daily has reference to the speeches made by him and other members in the Assembly on April 6, 1976. The statement according to Shri Paraman is to create an impression on the general public that the floor of the Assembly could be misused by influencing members and such imputation does cast reflection on the character and proceedings of the House and its members.

According to establised practice, the Editor of the paper was asked to state what he has to say in the matter. The Editor in his reply dated November 12, 1976 has stated as follows :

"അഭ്യുദയകാംക്ഷികളോട് കേരള കൗമുദിയിലെ സമരം" എന്ന തലക്കെട്ടിൽ 1976 മേയ് 9-ാം തീയതിയിലെ കേരള കൗമുദിയിൽ പ്രസിദ്ധപ്പെടുത്തിയ ജനറൽ മാനേജരുടെ പ്രസ്താവന പാവനമായ നിയമസഭാവേദിയെ ഏതെങ്കിലും വിധത്തിൽ ആക്ഷേപിക്കാനോ മഹോന്നതമായ ആ സ്ഥാപനത്തിന്റെ അന്തസ് ഇടിച്ചുകാണിക്കാനോ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നില്ല. വിദൂരമായിട്ടെങ്കിലും അങ്ങനെ ഒരു ഉദ്ദേശ്യം ഞങ്ങൾക്കുണ്ടായിരുന്നതുമില്ല എന്ന് ഞങ്ങൾ വിനയപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ.

ബഹുമാനപ്പെട്ട ശ്രീ. പരമൻ പ്രിവിലേജ് മോഷനുള്ള നോട്ടീസിൽ, ജനറൽ മാനേജരുടെ പ്രസ്താവനയിൽനിന്നും ഉദ്ധരിച്ചിരുക്കുന്ന ഭാഗം ആമുഴുവൻ പ്രസ്താവനയുടെഭാഗമെന്ന നിലയ്ക്ക് പരിശോധിച്ചാൽ കേരള കൗമുദി ജനറൽ മാനേജർക്ക് നിയമസഭയോട് അനാദരവു കാണിക്കാൻ വിദൂരമായ ഉദ്ദേശ്യംപോലും ഉണ്ടായിരുന്നില്ലെന്ന് വ്യക്തമാകുമെന്നാണ് ഞങ്ങളുടെ ഉത്തമബോദ്ധ്യം. പാവനമായ നിയമസഭയെ ആക്ഷേപിക്കുകയോ അനാദരിക്കുകയോ ഒരിക്കലും കേരള കൗമുദിയുടെ ഉദ്ദേശ്യമായിരുന്നില്ല. ആ പാരമ്പര്യവും കേരള കൗമുദിക്കുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ ആത്മാർത്ഥവും സത്യസന്ധവുമായ വിശദീകരണത്തിനു ശേഷവും, ബഹുമാനപ്പെട്ട സ്പീക്കർക്കോ ബഹുമാനപ്പെട്ട സമാജികൻമാരിൽ ആർക്കെങ്കിലുമോ ഞങ്ങളുടെ നിരപരാധിത്വത്തെപ്പറ്റി പൂർണ്ണമായും സംതൃപ്തിയുണ്ടാകുന്നില്ലെങ്കിലോ, കേരള കൗമുദിയിൽ പ്രസിദ്ധപ്പെടുത്തിയ പ്രസ്താവനയുടെ ഫലമായി നിയമസഭയുടെ പരിപാവനതയ്ക്ക് കളങ്കം സംഭവിച്ചു എന്ന് തോന്നുന്നുണ്ടെങ്കിലോ ഞങ്ങൾ ഖേദിക്കുകയും മാപ്പ് ചോദിക്കുകയും ചെയ്യുന്നു.''

Having read the statement published in the Kerala Kaumudi dated May 9, 1976 as a whole and after careful consideration of the explanation offered by the Editor, I feel that there was no intention for the Editor to cast any reflection on the House or its members. Hence I decline to give consent to Shri T. A. Paraman to raise the question of breach of privilege.

V. LEGISLATIVE BUSINESS

മി. സ്പീക്കർ : ഓർഡർ പേപ്പറിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളെല്ലാം നേരത്തെതന്നെ പാസാക്കുകയാണെങ്കിൽ അപ്രോപ്രിയേഷൻ ബില്ലിന്റെ ഡിസ്കഷന് ബാക്കിസമയം ഉപയോഗിക്കാവുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും ഈ ബില്ലുകൾവേഗം പാസാക്കിയെടുക്കാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The Kerala Tolls Bill, 1976—(*contd.*)

മരാമത്തുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, ഇന്നലെ ഞാൻ ഈ സഭയിൽ സൂചിപ്പിച്ചതുപോലെ റോഡ്—പാലങ്ങളുടെ പണി ഏറ്റെടുത്തു നടത്തുന്നതിന് ഇന്നനുഭവിക്കുന്ന സാമ്പത്തിക പരാധീനതകൾക്ക് ഒട്ടൊക്കെ പരിഹാരം കണ്ടെത്താൻ ഉദ്ദേശിച്ചുള്ള ഒരു ധനസമാഹരണയത്നത്തിന്റെ ഭാഗമാണ് ഈ ബിൽ. പല നിവേദനങ്ങളുമായി സമീപിക്കുന്ന വ്യക്തികളേയും സംഘടനകളേയും പണമില്ലെന്ന മറുപടി പറഞ്ഞ് മടക്കി മടുപ്പിച്ച് അയക്കുകയാണ് സർ. ടോൾ, റോഡ് ഡെവലപ്പുമെന്റ് ഫണ്ട് ഇങ്ങനെ പല നിർദ്ദേശങ്ങളുമുണ്ടായപ്പോൾ ചില പാർട്ടികളുടേയും സംഘടനകളുടേയും ദിനപ്പത്രങ്ങളുടേയും ഒക്കെ പ്രതികരണം അനുകൂലമായിരുന്നു. ബഹുമാനപ്പെട്ട മെമ്പർമാർക്കെവർക്കും അറിവുള്ളതുപോലെ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും കര കരയോടു ബന്ധിപ്പിക്കാനും ഉല്പാദനകേന്ദ്രങ്ങളെ മാർക്കറ്റിംഗ് കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കാനും പാലങ്ങൾ നിർമ്മിക്കണമെന്നുള്ള നിവേദനങ്ങൾ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഒരു ചെറിയ പാലമോ റോഡോ നമ്മുടെ ഉല്പാദനകേന്ദ്രങ്ങളെ നഗരപ്രദേശങ്ങളുമായി ബന്ധിപ്പിക്കത്തക്ക വിധത്തിൽ നിർമ്മിച്ചെടുക്കാൻ കഴിഞ്ഞാൽ അതിന്റെ പ്രയോജനം ഏറ്റവും കൂടുതൽ അനുഭവേദ്യമാകുന്നത് നമ്മുടെ കർഷകർക്കാണു സർ. കർഷകരുടെ നിരന്തരമായുള്ള ഒരു പരാതി അവരുടെ ഉല്പന്നങ്ങൾ കമ്പോളത്തിലെത്തിക്കാൻ ഗതാഗതസൗകര്യത്തിന്റെ അഭാവം കൊണ്ട് കഴിയുന്നില്ല. ഉല്പന്നങ്ങൾക്ക് വേണ്ടത്ര വില ലഭ്യമാകാത്തതിന്റെ ഒരു കാരണം ഈ യാത്രാസൗകര്യത്തിന്റെ അഭാവം മുതലെടുത്തുകൊണ്ട് ബിസിനസ്സുകാർ, കച്ചവടക്കാർ കൃഷിക്കാരെ ചൂഷണംചെയ്യുന്നതാണ്. ഈ പരാധീനതകൾക്ക് പരിഹാരമെന്ന നിലയിൽ നമ്മുടെ റോഡ് ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയെന്നത് അനിവാര്യമാണെന്ന് പല നിവേദനങ്ങളിലൂടെയും കർഷകരും കർഷകസംഘടനാ പ്രതിനിധികളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ ആവശ്യങ്ങൾ നിറവേറ്റിയെടുക്കാൻ കഴിയാത്ത സാഹചര്യങ്ങളാണ് ഇന്നു നമുക്കുള്ളത്. എന്നാൽത്തന്നെയും കുത്തക

LIBRARY ARCHIVES Kerala Legislative Assembly